**19U164** (Pages: 2) Name: …………………

Reg. No………………...

**FIRST SEMESTER B.Voc. DEGREE EXAMINATION, NOVEMBER 2019**

(CUCBCSS-UG)

**CC19U GEC1 ML02 – മലയാളഭാഷയും സാഹിത്യവും 1**

(Common course for B.Voc.)

(2019 Admission Regular)

സമയം 3 മണിക്കൂർ പരമാവധി 80 മാർക്ക്

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. ജലമർമ്മരത്തെ എന്തായാണ് സിയാറ്റിൻമൂപ്പൻ തിരിച്ചറിയുന്നത്?
2. പൊക്കുടനെ ഏറെ സ്വാധീനിച്ച രാഷ്ട്രീയനേതാവ് ആര്?
3. വിഷകന്യക ആരുടെ നോവല്?
4. 'അരിയില്ല തിരിയില്ല ദുരിതമാണെന്നാലും നരി തിന്നാൽ നന്നോ മനുഷ്യന്മാരെ' – ഏതു കവിതയിലെ വരികൾ?
5. വേണ്ടാംകടിയുടെ ശരിയായ പേരെന്തായിരുന്നു?
6. കല എന്ന വാക്കിന്റെ അർത്ഥമെന്ത്?
7. തോറ്റങ്ങൾ എന്ന നോവലിന്റെ കർത്താവ്?
8. 'ദൈവം തരുമ്പോൾ നിറച്ചു തരും' എന്ന് പറയുന്നത് ആര്?
9. പത്മരാജൻ എന്ന പേരിന് ലോല കണ്ടെത്തുന്ന അർത്ഥം എന്ത്?
10. മുത്തുച്ചിപ്പി ആരുടെ കവിതാസമാഹാരം?

**(10 x ½ = 5 Marks)**

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ടു മാർക്ക് വീതം.

11. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിൽ, ആഫ്രിക്കയിലെ ഇന്ത്യക്കാർക്കു നൽകിയ സന്ദേശമെന്ത്?
12. 'ഞാനൊരു കാട്ടാളനാണ്. എനിക്ക് മറ്റൊരു രീതിയും അറിഞ്ഞു കൂടാ' - എന്ന് സിയാറ്റിൻ മൂപ്പൻ പറയുന്നതിലെ സാംഗത്യമെന്ത്?
13. ശിശുവിലിരിക്കുന്ന ജാഡ്യതയെ ബാല്യത്തിന്റെയും കൌമാരത്തിന്റെയും യൌവനത്തിന്റെയും ഉൽഫുല്ലതയാക്കിമാറ്റുന്നത് ഏതെല്ലാം ആഭിമുഖ്യങ്ങൾക്കൊണ്ട്?
14. 'ദാ വരുന്നു, തറേലെ തന്തമ്മാമൻ. മിണ്ടാണ്ടെനിന്നോ!" വാശിപിടിച്ചു കരയുന്ന പെൺകുട്ടികളോട് അയൽപക്കത്തെ അമ്മമാർ ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?
15. 'എനിക്കീ പെണ്ണെന്ന വർഗ്ഗത്തിനെ കണ്ടു കൂടാ' - ഇതിനു കാരണമായി 'വേണ്ടാം കടി'യിൽ മുത്തച്ഛൻ പറയുന്ന കഥ എന്താണ്?

**(5 x 2 = 10 Marks)**

III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

16. കണ്ടൽചെടികളുടെ പ്രാധാന്യമെന്ത്?
17. 'പുറമേക്കു ലെനിനായി പൂജാമുറിയിൽ പൂന്താനമായി' വരികളിലെ വിവക്ഷ എന്ത്?
18. നീ മരിച്ചതായി ഞാനും ഞാൻ മരിച്ചതായി നീയും കണക്കാക്കുക. ചുംബിച്ച ചുണ്ടുകൾക്ക് വിടതരിക. സന്ദർഭമെന്ത്?
19. 'നിങ്ങളെപ്പോലുള്ള മഹാറാണിമാരുടെ കെട്ടിയവന്മാരാണ് സന്ധ്യമയങ്ങുമ്പോൾ എന്റെ അടുത്തേക്കെഴുന്നള്ളുന്നത്' - ഒത്തുതീർപ്പുകളെന്ന കഥയിൽ കുപ്പമ്മ ഇങ്ങനെ പറയുന്നതിലെ പൊരുളെന്ത്?
20. ' കലയും ആവിഷ്ക്കാരവും ' എന്ന ലേഖനത്തിൽ രൂപത്തിന്റെപ്രാധാന്യത്തെക്കുറിച്ച് ഗുരു നിത്യചൈതന്യയതി വിശദീകരിച്ചിരിക്കുന്നതെങ്ങിനെ?
21. കൊല്ലേണ്ടതെങ്ങനെ എന്ന കവിതയുടെ കാലികപ്രസക്തിയെന്ത്?.
22. ആഫ്രിക്കയിലെ ഏറ്റവും വലിയ ആപത്ത് ഇന്ത്യക്കാരാണെന്ന് അവിടത്തെ വെള്ളക്കാർ പ്രചരിപ്പിക്കുന്നത് എന്തുകൊണ്ട്?

**(5 x 5 = 25 Marks)**

IV. ഏതെങ്കിലും നാലു ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. പത്തുമാർക്ക് വീതം.

23. വേണ്ടാംകടി എന്ന കഥ മുന്നോട്ടുവയ്ക്കുന്ന സാമൂഹികപ്രശ്നങ്ങൾ ചർച്ചചെയ്യുക.
24. സാംസ്കാരിക വിപണിയേയും അതിനകത്ത് മറഞ്ഞിരിക്കുന്ന ആപത്കരമായ അവസ്ഥകളെയുമാണ് വാചാലമായ നർമ്മഭാവനകലർത്തി ' പല പോസിലുള്ള ഫോട്ടോകൾ ' എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നത്. വിശദമാക്കുക.
25. ആൺകോയ്മയുടെ അധീശമനോ ഘടനയെ തിരസ്കരിക്കുന്ന സ്തീയുടെ മനോഭാവങ്ങൾ 'മീര പാടുന്നു' എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.
26. 'ഈ ഭൂമിയെ ബഹുമാനിക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും ഉത്തരവാദിത്വം ഓരോ മനുഷ്യന്റേതുമാണ്- ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ എന്ന ലേഖനത്തെ മുൻനിറുത്തി ചർച്ചചെയ്യുക.
27. എസ്.കെ.പൊറ്റെക്കാട് കണ്ട ആഫ്രിക്കൻ കാപ്പിരികളുടെ ജീവിതം വിവരിക്കുക.
28. ഭയമെന്ന വികാരത്തെ വിശപ്പെന്ന വികാരം അപ്രസക്തമാക്കുന്നതിനെ 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയെ മുൻനിർത്തി വിശദമാക്കുക

**(4 x 10 = 40 Marks)**

*******